# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 5064** **22.05.2017-ന് മറുപടിയ്ക്ക്**

**മാവേലിക്കര പാലമേൽ ആനന്ദമന്ദിരത്തിൽ കെ.രവീന്ദ്രന്റെ പരാതിയിന്മേൽ നടപടി**

| ചോദ്യം<br>ശ്രീ. കെ.എസ്.ശബരീനാഥൻ | | ഉത്തരം<br>ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
|---|---|---|
| എ) മാവേലിക്കര പാലമേൽ വില്ലേജിൽ മുൻ സർവ്വെ നമ്പർ 220/2-15-ൽ കല്ല്യാണിയമ്മയുടെയും മകൻ ആനന്ദിന്റെയും പേരിൽ 7694-ാം നമ്പർ തണ്ടപ്പേരിൽപ്പെട്ട 45.5 സെന്റ് വസ്തുവിൽ നിന്നും കല്ലട ജലസേചന പദ്ധതിയ്ക്കായി 14.75 സെന്റ് വസ്തു ഏറ്റെടുത്തിട്ടുണ്ടോ; | എ) | ഏറ്റെടുത്തിട്ടുണ്ട് . |
| ബി) ബാക്കിയുള്ള സ്ഥലത്തിന് റീസർവ്വേയ്ക്കുശേഷം പുതിയ തണ്ടപ്പേര് നൽകിയിട്ടില്ലായെന്നും റീസർവ്വെയിൽ വന്ന പ്രസ്തുത തെറ്റ് തിരുത്തണമെന്നും ആവശ്യപ്പെട്ട് മാവേലിക്കര താലൂക്കിൽ, പാലമേൽ വില്ലേജിൽ ആനന്ദമന്ദിരത്തിൽ കെ. രവീന്ദ്രൻ 26-12-2012-ൽ നൽകിയ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| സി) ആലപ്പുഴ ജില്ലാ കളക്ടറേറ്റിലെ ഇതു സംബന്ധിച്ച C1/5617/2013- ഫയലിന്റെ തുടർനടപടികൾ വിശദമാക്കാമോ ;<br><br>ഡി) ഇതു സംബന്ധിച്ച തുടർ നടപടികൾ സ്വീകരിച്ചിട്ടില്ലെങ്കിൽ, ഇതിനാവശ്യമായ നിർദ്ദേശം നൽകുമോ ? | (സി) യും (ഡി) യും | 1978-79 കാലയളവിലാണ് കല്ലട ജലസേചന പദ്ധതിയ്ക്കായി സർക്കാർ ഭൂമി ഏറ്റെടുത്തിട്ടുള്ളത്. പരാതികക്ഷികളായ മാവേലിക്കര താലൂക്കിൽ പാലമേൽ വില്ലേജിൽ ആനന്ദമന്ദിരത്തിൽ കല്യാണിയമ്മയുടെയും, മകൻ കെ. രവീന്ദ്രന്റെയും സ്ഥലം പാലമേൽ വില്ലേജിൽ ബ്ലോക്ക് 21- ൽ റീസർവ്വെ 401/6-ൽ പൂർണ്ണമായും, 400-ന്റെ ഭാഗവും ആയാണ് കിടക്കുന്നത്. ആയതിൽ 401/6-ൽ പ്പെട്ട 18.00 ആർസ് വസ്തു പൂർണ്ണമായും 4408 നമ്പർ തണ്ടപ്പേർ പ്രകാരം എരുമക്കുഴി മുറിയിൽ കാഞ്ഞിരവിളയിൽ പാർവ്വതി കല്യാണി മക്കൾ ജഗദമ്മ, രാധാമണി, ചന്ദ്രിക, സരോജം, കുട്ടപ്പൻ, രവീന്ദ്രനാഥൻ, കുട്ടപ്പൻ സുരേന്ദ്രൻ, കുട്ടപ്പൻ പ്രസന്നൻ, കുട്ടപ്പൻ പ്രസാദ് എന്നിവരുടെ ഉടമസ്ഥതയിലാണ്. |

അവശേഷിക്കുന്നതും കക്ഷികളുടെ കൈവശത്തിലിരിക്കുന്നതുമായ സ്ഥലം റീസർവ്വെ റിക്കാർഡുകളിൽ കനാൽ പുറമ്പോക്കായും ആണ് രേഖപ്പെടുത്തിയിട്ടുള്ളത്.

കല്ലട ജലസേചന പദ്ധതിയുടെ കനാലിന് വേണ്ടി ഭൂമി പൊന്നുംവിലയ്ക്ക് ഏറ്റെടുത്തതിന്റെ എൽ.എ സ്കെച്ച് പരിശോധിച്ചതിൽ, പരാതിയ്ക്ക് ആസ്പദമായിട്ടുള്ള സ്ഥലം പാലമേൽ വില്ലേജിൽ ബ്ലോക്ക് 21-ൽ മുൻ സർവ്വേ നമ്പർ 220/2/15- ൽ ഉൾപ്പെട്ടിരിക്കുന്നു. പ്രസ്തുത എൽ.എ സ്കെച്ച് പ്രകാരമുള്ള ഭൂമിയുടെ വിസ്തീർണ്ണം 18.00 ആർസും സ്കെച്ചിനോടൊപ്പം ഹാജരാക്കിയ വിസ്തീർണ്ണത്തിൽ 30.58 ആർസും ആയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഭൂമിയുടെ വിസ്തീർണ്ണത്തിലെ പൊരുത്തക്കേട് പരിശോധിക്കുന്നതിനായി പ്രസ്തുത സബ് ഡിവിഷൻ മുൻ സർവ്വെ നമ്പർ 220/2/15-ന്റെ ഓൾഡ് മെഷർമെന്റ് സ്കെച്ച് ലഭ്യമാക്കാൻ മാവേലിക്കര തഹസിൽദാർക്ക് ജില്ലാ കളക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്. ഓൾഡ് മെഷർമെന്റ് സ്കെച്ച് ലഭ്യമാക്കുന്ന മുറയ്ക്ക് രേഖകൾ പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ